Regional Agricultural Research Station, Ambalavayal
Kerala Agricultural University, Ambalavayal, Wayanad - 673 593
മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593
Phone: 04936 260421, web: www.kau.edu, email: rarsamb@kau.in

നമ്പർ. ഇ **4310/2022(23)** തീയതി. 25.11.2022

**ക്വട്ടേഷൻ നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2023 **ജനുവരി മാസം 01 മുതൽ 15** വരെ നടത്തുന്ന **അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള "പൂപ്പൊലി 2023"**ന്റ ഭാഗമായി ചുവടെ കാണിച്ചിട്ടുള്ളവ ഏർപ്പാടാക്കി തരുന്നതിന് ഇത്തരം പ്രവർത്തികൾ നടത്തുന്ന വ്യക്തികൾ/ **GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ** നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

**അന്താരാഷ്ട്ര പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2023- ഐസ്ക്രീം സ്റ്റാളിനുള്ള ക്വട്ടേഷൻ**

ഐസ്ക്രീം സ്റ്റാളുകൾ: 10 എണ്ണം (അടിസ്ഥാന വില : 50,000 രൂപ +18% ജി.എസ്.ടി.)

- സ്റ്റാൾ അനുവദിക്കുന്ന സ്ഥലങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുൻപ് നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ ഓരോന്നിനും പ്രത്യേകം ആയിരിക്കണം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത്.
- **ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖ ക്വട്ടേഷനോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**
- **ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്**
- **മേൽ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ മാത്രം ആയിരിക്കും എക്സിബിഷൻ സമയം**
- **ക്വട്ടേഷൻ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്**

ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് :

**അന്താരാഷ്ട്ര പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2023- ഐസ്ക്രീം സ്റ്റാളിനുള്ള ക്വട്ടേഷൻ**

| | | |
|---|---|---|
| ക്വട്ടേഷൻ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : | **03.12.2022, 2.00 p.m** |
| ക്വട്ടേഷൻ തുറക്കുന്ന തിയതി, സമയം | : | **03.12.2022, 2.30 p.m** |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം: | | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>മേഖലാ കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട |
| **നിരതദ്രവ്യം** | : | **15,000 /- രൂപ (ഡിഡി/പണം ആയി)** |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : | **15,000 /- രൂപ (ലഭിക്കുന്നവർ മാത്രം)** |

**ക്വട്ടേഷൻ സംബന്ധിച്ച മറ്റു നിബന്ധനകൾ:**

1). ലേലം/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകകൾ രേഖപ്പെടുത്തുന്നവർക്ക് ആയിരിക്കും സ്റ്റാളുകൾ അനുവദിച്ചു നൽകുന്നത്. ക്വട്ടേഷൻ ലഭിക്കുന്നവർ ലേലത്തുക കൂടാതെ 18% ജി.എസ്.ടി. ഉൾപ്പെടെ ഉള്ള തുകയുടെ 1/3 ഭാഗം തുകയും ക്വട്ടേഷൻ ഉറപ്പിക്കുന്ന ദിവസം തന്നെ നിർബന്ധമായും അടയ്ക്കേണ്ടതും അല്ലാത്തപക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം സ്ഥാപനത്തിന് മുതൽക്കൂട്ടുന്നതുമാണ്.ശേഷിക്കുന്ന തുക 10 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്.

2) ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾക്ക് ആവശ്യമായ FSSAI സർട്ടിഫിക്കറ്റ്/ലൈസൻസ് എന്നിവ നേടിയിരിക്കേണ്ടതാണ്.

3) ആവശ്യമായ ഭക്ഷ്യസുരക്ഷ, ശുചിത്വമാനദണ്ഡങ്ങളും പാലിക്കാതിരുന്നാൽ ലേലം/ക്വട്ടേഷൻ ഉറപ്പിച്ച ഐസ്ക്രീം സ്റ്റാളിന്റെ പ്രവർത്തനാനുമതി, പ്രത്യേക മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ക്വട്ടേഷൻ തുക ഇവ സർവകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതും നിയമാനുസൃതമായ മറ്റു മേൽ നടപടികളെടുക്കുന്നതുമായിരിക്കും.

4) വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമ പ്രശ്നമുണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.

**5) ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചു മാത്രമേ സ്റ്റാളുകളുടെ പ്രവർത്തനം നടത്താൻ പാടുള്ളു**

**6) ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ കർശ്ശനമായി നിരോദിച്ചിരിക്കുന്നതിനാൽ ഇത്തരം വസ്തുക്കൾ സ്ററാളിൽ ഒഴിവാക്കേണ്ടതാണ്. കൂടാതെ സ്റ്റാളിൽ നിന്നുള്ള മാലിന്യങ്ങൾ യഥാ സമയം ഒഴിവാക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഇത് പാലിക്കാത്തവരിൽ നിന്നും വൃത്തിയാക്കുന്നതിനുള്ള തുക അവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കിഴിവ് ചെയ്യുന്നതായിരിക്കും.**

7) ഐസ്ക്രീം സ്റ്റാളുകളുടെ ലേലം ഓരോന്നിനും പ്രത്യേകം ആയിട്ടായിരിക്കും നടത്തുക. എവിടെയൊക്കെയാണ് ഐസ്ക്രീം സ്റ്റാളുകൾ എന്നത് ക്വട്ടേഷനുമുമ്പ് നേരിട്ട് കണ്ട് ബോദ്ധ്യ പ്പെടേണ്ടതാണ്.

8) ഒരു യൂണിറ്റിന് 2 ഫ്രീസർ ഉപയോഗിക്കാൻ ആവശ്യമായ വൈദ്യുതി നൽകുന്നതാണ് (350 വാട്ട്സിന്റെ 2 എണ്ണം).

9) നിരതദ്രവ്യം അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് / പണം ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

10) ആദ്യം പൊതു ലേലവും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ പുനർ ലേലം നടത്തുന്നതുമാണ്.

11) കാരണം കാണിക്കാതേയും യാതൊരു മുന്നറിയിപ്പില്ലാതേയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമായിരിക്കും.

**ഇതര നിബന്ധനകൾ**:

- നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിയ്ക്കുന്നതല്ല.
- ക്വട്ടേഷനുകൾ നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.
- എറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
- യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരി ക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.

- ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി ജോലി ചെയ്ത് തരുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്ത പക്ഷം നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽകൂട്ടാകുകയും തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.

- സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

- ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല. ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ രാവിലെ 11.30 ന് ക്വട്ടേഷൻ തുറക്കുന്നതാണ്.

- കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്/-)

**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്
പകർപ്പ് : വിതരണത്തിന്, കെ.എ.യു.വെബ് സൈറ്റ്